**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 436** **05-07-2024 - ൽ മറുപടിയ്ക്ക്**

**റബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കാൻ ഇറക്കുമതി നിരോധിക്കുകയോ ലോകവ്യാപാര കരാറിലെ വ്യവസ്ഥകളനുസരിച്ച് അധികച്ചുങ്കം ഏർപ്പെടുത്തുകയോ ചെയ്യാൻ കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേയ്ക്ക് ഉയർത്തണമെന്നും സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഇറക്കുമതിയ്ക്ക് നിലവിലുള്ള തുറമുഖ നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | 2024-25 വർഷത്തേക്കുള്ള കേന്ദ്രബജറ്റിൽ റബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതമുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു; വിശദമാക്കുമോ; | (ബി) | 2024-25 വർഷത്തേക്കുള്ള പൂർണ്ണ കേന്ദ്രബജറ്റ് ജൂലൈ മാസത്തിന്റെ പകുതിയോടെയേ അവതരിപ്പിക്കുകയുള്ളു. ഫെബ്രുവരിയിൽ അവതരിപ്പിച്ച ഇടക്കാല ബജറ്റിൽ റബ്ബർ സംഭരണത്തിന് പ്രത്യേക പദ്ധതി വിഹിതമില്ല. റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ച ധനസഹായം മുടക്കമില്ലാതെയും കുടിശ്ശികയില്ലാതെയും ലഭ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകി വരുന്നത്. നടപ്പ് സാമ്പത്തിക വർഷം (2024-25) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവിനായി 500 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ, 60 കോടി രൂപ ഉടനെ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 15.03.2024 തീയതിയിലെ സ.ഉ (പി)നം.20/2024/ |

| | | | |
|---|---|---|---|
| | | | ധന പ്രകാരം 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയ്ക്ക് കീഴിലുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/-രൂപയിൽ നിന്നും 250/-രൂപയായി ഉയർത്താൻ സഹായിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് പലവുരു ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിട്ട് സന്ദർശിച്ചും അഭ്യർത്ഥിച്ചതിന് അനുകൂലമായ നടപടി ഉണ്ടായിട്ടില്ല. |
| (സി) | റബർ കർഷകരുടെ രക്ഷയ്ക്കായി റബറൈസ്ഡ് ടാർ ഉപയോഗിച്ച് റോഡ് നിർമ്മിക്കും എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തികളിൽ റബ്ബർ തടിയുടേയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ നടപടികൾ ഉണ്ടായിട്ടില്ല. |
| (ഡി) | റബർ വില സ്ഥിരത ഫണ്ട് മുന്നൂറ് രൂപയായി വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയ്ക്ക് കീഴിലുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 250/-രൂപയായി ഉയർത്താൻ കേന്ദ്ര സഹായം കൂടി ആവശ്യമുണ്ട്. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് 24.12.2022ലെ Agri-893/Min/2022-Agri നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരവും 12.07.2023 തീയതിയിലെ Agri-457-1/Min/2023-Agri നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരവും ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ